മിസ്റ്റർ ബി. എം. പീറർ : ഈ ചോദ്യത്തിൽ പറയുന്ന സ്ഥലം ക്ഷ്ര-ലേക്ക് ലേലംവിളിച്ചുകൊടുത്തിട്ടുണ്ടോ ?

മിസ്റ്റർ എ. മാധവപ്രഭു : ലേലംകൊള്ളുവാൻ ആളുണ്ടായിരുന്നില്ല.

മിസ്റ്റർ ബി. എം. പീറർ : അതിനുള്ള കാരണമെന്താണെന്ന് അന്വേഷിച്ചുവോ ?

മിസ്റ്റർ എ. മാധവപ്രഭു : അതു മുമ്പേതന്നെ അന്വേഷണം നടത്തീട്ടുണ്ട്. കഴിഞ്ഞകൊല്ലംതന്നെ ഇതുപോലെയുള്ള ബുദ്ധിമുട്ട് നേരിടുകയുണ്ടായി. തിരുവിതാംകൂർകാർ പറയുന്ന ആ സ്ഥലം അവരുടെവകയാണെന്ന്. ആ കാരണംകൊണ്ട് ഇവിടെയുള്ളവർക്ക് അവിടെ മത്സ്യം പിടിക്കുവാനും തരമില്ല. അതുകൊണ്ട് ഈ കാര്യത്തിൽ തിരുവിതാംകൂർ ഗവൺമെണ്ടുമായിട്ട് എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ തീരുമാനം അറിയാറായിട്ടില്ല.

മിസ്റ്റർ ബി. എം. പീറർ : നമ്മുടെ സ്ഥലങ്ങളും ഈ മാതിരി തിരുവിതാംകൂർ ഗവൺമെണ്ടിനും ബ്രിട്ടീഷു ഗവൺമെണ്ടിനും ഒക്കെ വിട്ടുകൊടുത്തിട്ട് ആ കാര്യത്തിൽ നമ്മുടെ ഗവൺമെൻറിനു യാതൊന്നും ചെയ്യുവാൻ സാധിച്ചില്ലെന്നു പറയുന്നതു വളരെ കഷ്ടമാണ്. ഇതിനുമുമ്പ് ഇതിനെപ്പറ്റി ഒരു കട്ടമോഷൻ ഞാൻ കൊണ്ടുവന്നിട്ടുള്ളതാണ്. തിരുവിതാംകൂർ ഗവൺമെണ്ട് ആ സ്ഥലത്തു കയ്യേറി മത്സ്യക്കാപ്പു നടത്തുന്നുവെന്ന് അന്നു ഞാൻ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തീട്ടുണ്ട്.

മിസ്റ്റർ എ. മാധവപ്രഭു : വേറെ ഒരാൾ പ്രവേശിച്ചാൽ കക്ഷികൾ തമ്മിൽ കേസ്സുകൊടുക്കാം. എന്നാൽ ഗവൺമെണ്ടുതമ്മിലാകുമ്പോൾ എഴുത്തുകുത്തു നടത്താനല്ലാതെ വേറെ യാതൊന്നും ചെയ്യുവാൻ നിവൃത്തിയില്ല. അവിടെ തോട്ടുവീതി വളരെ കുറവായതുകൊണ്ടു നടുക്കു സർവ്വെക്കല്ലിടുന്നതിനു പകരം നമ്മുടെ സ്ഥലത്താണ് ഇട്ടിരിക്കുന്നതു്. അവരുടെ ഫിഷർമെൻ പറയുന്നതു് അതു തിരുവിതാംകൂർ വക സ്ഥലമാണെന്നാണ്. ഇപ്പോൾ അതു് ഏതു് അതുത്തിയിൽ പെട്ടതാണെന്നുള്ളതിനു കക്ഷികൾ തമ്മിൽ കേസ്സു നടന്നുവരുന്നുണ്ട്. എന്നാൽ ഒരു ഗവൺമെണ്ടിനു മറെറാരു ഗവൺമെണ്ടിനോടു ന്യായമായി എഴുത്തുകുത്തു നടത്തുവാൻ മാത്രമേ സാധിക്കയുള്ളൂ. അതു നടത്തിവരുന്നുമുണ്ട്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ : പണ്ടത്തെ കാലമാണെങ്കിൽ യുദ്ധം ചെയ്യാമായിരുന്നു. ഇന്നു് അതിനു നിവൃത്തിയില്ല. (ചിരി)

മിസ്റ്റർ ബി. എം. പീറർ : തിരുവിതാംകൂർകാർ നമ്മുടെ സ്ഥലത്തു കടന്നു മത്സ്യം പിടിക്കുകയാണെങ്കിൽ പോലീസിൽ അറിവുകൊടുക്കണം.

മിസ്റ്റർ എ. മാധവപ്രഭു : അതിനു പെനൽട്ടി വസൂലാക്കുവാൻ കക്ഷികളുടെ കാര്യത്തിൽ വേണ്ട നടവടി നടത്തുന്നുണ്ട്.

CYCLONE RELIEF—ADDITIONAL LISTS OF DESERVING CASES

164. മിസ്റ്റർ പി. കെ. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടിപറയുമോ.—

കഴിഞ്ഞ എടവം ക്ഷ-ാംന-യുണ്ടായ കൊടുങ്കാറ്റിൽ ഗൃഹനാശം സംഭവിച്ചവരിൽ ഭൂരിപക്ഷം വരുന്നതു് കൊച്ചീരാജ്യത്തെ അധഃകൃതരാകയാൽ തൽപരിഹാരാർത്ഥം രണ്ടാമതും ഹർജികളയപ്പാൻ പ്രേരിതരായവരുടെ കാര്യത്തിൽ ശരിയായ നടപടി നടത്തി വേണ്ടതുചെയ്തുകയുണ്ടായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. മാധവപ്രട്ട: സൌജന്യ ധനസഹായമായി കൊടുക്കുന്നതിനു തയ്യാറാക്കിയ ലിസ്റ്റുകളിൽ വിട്ടുപോയിട്ടുള്ള വരുടെപേരുകൾ അവർ അധ്യക്ഷ തരാണെങ്കിലും അല്ലെങ്കിലും അവരിൽനിന്നു് അപേക്ഷകൾ കിട്ടിയിട്ടുണ്ടെങ്കിലും ഓരോ വില്ലേജും വീണ്ടും പരിശോധിച്ചു വേണ്ട നടപടിക്കായി കണക്കു തയ്യാറാക്കിവരുന്നുണ്ടു്.

മിസ്റ്റർ പി. കെ. കൃഷ്ണൻ: അധ്യക്ഷതരുടെ ഭവനങ്ങൾ മിക്കതും ചെറുതായതുകൊണ്ടു് അവയെല്ലാം ഈ ഭയങ്കരമായുണ്ടായ കാറ്റുമൂലം പറന്നുപോയിട്ടുണ്ടു്. അങ്ങിനെ വീട് നശിച്ചുപോയിട്ടുള്ളവരായ അനേകം ആളുകൾ ഗവൺമെണ്ടിലേക്കു് അപേക്ഷ അയച്ചിട്ടു് അവക്കു സൌജന്യം നൽകുന്നതിനുവേണ്ടിയുള്ള യാതൊരു അന്വേഷണവും നടത്താതെയാണിരിക്കുന്നതു്. അതുകൊണ്ടു് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ദിവാൻപേഷ്കാർ അവർകളുടെ ശ്രദ്ധ ക്ഷണിക്കുന്നതായി പതിഞ്ഞുകാണണമെന്നുമാത്രമേ എനിക്കാഗ്രഹമുള്ളു.

മിസ്റ്റർ എ. മാധവപ്രട്ട: അന്വേഷണം നടത്തിയില്ല എന്നും മറ്റും പറയുന്നതു മുഴുവൻ വിവരങ്ങളും അറിയാതെ പറയുന്നതായിട്ടാണു ഞാൻ ധരിക്കുന്നതു്. എല്ലാ വില്ലേജുകളിലും റവന്യൂ ഇൻസ്പെക്ടർ പോയിട്ടു സപ്ലിമെൻററി ലിസ്റ്റു് എടുക്കുന്നുണ്ടു്. ആദ്യം വില്ലേജുദ്യോഗസ്ഥന്മാരും പഞ്ചായത്തുകാരും എടുത്ത ലിസ്റ്റു് മുഴുവനായിട്ടില്ലെന്നു് ആക്ഷേപമുണ്ടായതുകൊണ്ടാണു് അതു മുഴുവനാക്കുവാൻവേണ്ടി റവന്യൂ ഇൻസ്പെക്ടരെ ആ ജോലി ഏല്പിച്ചിട്ടുള്ളതു്. റവന്യൂ ഇൻസ്പെക്ടരുടെ അന്വേഷണം എല്ലാ വില്ലേജിലും എത്തിക്കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടായിരിക്കും മെമ്പർ പറയുന്ന ഭാഗങ്ങളിൽ അന്വേഷണം നടത്തിക്കണ്ടില്ലെന്നു തീരുമാനിച്ചതായി ഞാൻ ഉദ്ദേശിക്കുന്നു. കുറെസമയംകൂടി, അതായതു് കക്കടകം അവസാനത്തോടുകൂടി സപ്ലിമെൻററി ലിസ്റ്റു് അവസാനിപ്പിക്കും. അവക്കെല്ലാം കൊടുത്തുകഴിഞ്ഞിട്ടേ അതു് അവസാനിപ്പിക്കുകയുള്ളു.

മിസ്റ്റർ പി. കെ. കൃഷ്ണൻ: ഞാൻതന്നെ താസിൽദാക്കു നേരിട്ടു ചില അപേക്ഷകൾ അയച്ചിട്ടു് ഇതുവരേയും യാതൊരു അന്വേഷണവും നടത്തിക്കണ്ടില്ല.

മിസ്റ്റർ എ. മാധവപ്രട്ട: വില്ലേജുകൾതോറും നടന്നു് അന്വേഷിക്കണ്ടേ? അതിനു് ഒരാളേയുള്ളു.

ST. THOMAS' COLLEGE, TRICHUR—ADMISSIONS FROM BACKWARD COMMUNITIES

165. Mr. K. R. Viswambharan *(Ezhuvas-Talappalli):* Will Government be pleased to state.—

(*a*) the number of students from among the "backward" communities who have joined (1) the Junior Intermediate and (2) Junior B.A. classes of the St. Thomas' College, Trichur, at the beginning of this academic year (1116—1117);

(*b*) of them, how many are Muslims;

(*c*) of the numbers mentioned in (*a*), how many are non-Cochinites;

LIBRARY ARCHIVES Kerala Legislative Assembly